# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*588 — 28.7.2015 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ളവർക്ക് സി.ആർ.സി മുഖേനയുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ഉബൈദുള്ള | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദ വിവരം നൽകുമോ;<br><br>(ബി) ഭിന്നശേഷിയുള്ളവരുടെ പുനരധിവാസ ക്കാര്യത്തിൽ സി.ആർ.സി യുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി)<br>സാമൂഹ്യനീതിയും ശാക്തീകരണവും എന്ന കേന്ദ്ര സർക്കാരിന്റെ മന്ത്രാലയത്തിന് കീഴിൽ അംഗപരിമിതരുടെ ശാക്തീകരണ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കോമ്പസിറ്റ് റീജിയണൽ സെന്റർ (സി.ആർ.സി). മാനവിക വിഭവ വികസനം, ഗവേഷണം എന്നിവയെ ആധാരമാക്കി ഭിന്നശേഷിയുള്ളവരിൽ മാനവിക വിഭവ ശേഷിയും അടിസ്ഥാന സൌകര്യങ്ങളും ഒരുക്കുകയെന്നതാണ് സി.ആർ.സി യുടെ അടിസ്ഥാന ലക്ഷ്യം. ഒരു കേന്ദ്രാവിഷ്കൃത സ്ഥാപനമായ സി.ആർ.സി ഗ്രാമീണമേഖലയിലെ ഭിന്നശേഷിയുള്ളവരുടെ സർവ്വതോമുഖമായ പുരോഗതിയാണ് ലക്ഷ്യമിടുന്നത്.<br>സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ഭിന്നശേഷിയുള്ളവരെ പുനരധിവസിപ്പിക്കുകയും ആരോഗ്യ രംഗത്ത് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ ഡോക്ടർമാരുടെ നേതൃത്വത്തിൽ സമഗ്രമായ രോഗ നിർണ്ണയം നടത്തുക, ഭിന്നശേഷിയുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ, കൌൺസിലിംഗ് നൽകുക, സഹായോപകരണങ്ങൾ വിതരണം ചെയ്യുക, ഉന്നത വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുക എന്നീ പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷിയുള്ളവരിൽ സ്വാശ്രയത്വശീലവും സ്വയം പര്യാപ്തതയും വളർത്തുകയെന്നതാണ് പുനരധിവാസ മേഖലയിൽ സി.ആർ.സി വഹിക്കുന്ന പങ്ക്. സ്പെഷ്യൽ എഡ്യൂക്കേഷനിൽ 2 വർഷ ഡിപ്ലോമ കോഴ്സ്, അങ്കണവാടി പ്രവർത്തകർ, ആശാ വർക്കർ എന്നിവർക്കുള്ള ലഘുപരിശീലന പരിപാടി എന്നിവ സി.ആർ.സി വഴി നടപ്പിലാക്കുന്നു. |

| | |
|---|---|
| (സി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (സി) കോഴിക്കോട് സി.ആർ.സി നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കെട്ടിടത്തിൽ **പരിമിതമായ സൌകര്യത്തിൽ പ്രവർത്തിക്കുന്നു.** ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്ഥലത്ത് സി.ആർ.സി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സർക്കാർ നടപടികൾ പുരോഗമിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ